# INTERNATIONAL INDIAN SCHOOL - RIYADH

## Summative Assessment - I - 2015 -2016

**Std - VIII** **Max.Marks : 90**

**Sub – MALAYALAM** **Time : 3 Hrs**

## Section – A

**I** അർത്ഥം എഴുതുക (5)

1 പരിണമിക്കുക 2 കലി 3 ശോഭനം 4 കലാപം 5 യാതന 6 ഊന്ന്

7 ശകാരിക്കുക 8 ദൃഷ്ടാന്തം 9 ധൃതിയിൽ 10 ഔന്നത്യം

( പ്രകാശം, വേഗത്തിൽ, കോപം, ഉയർച്ച, കലഹം, മാറുക, താങ്ങ് , അധികം, കഷ്ടപ്പാട്, വഴക്കു പറയുക, തെളിവ് )

**II** പര്യായപദം എഴുതുക ( രണ്ട് വീതം ) (5)

1 കാറ്റ് 2 വിചാരം 3 നിദ്ര 4 യാത്ര 5 കള്ളൻ

(ചിന്ത, തസ്കരൻ, യാനം, മുദ്ര , സമീരൻ, നിനവ്, ശയനം, മാരുതൻ, അയനം, ചോരൻ, സുഷുപ്തി, യോജിക്കുക)

**III** വിപരീതപദം എഴുതുക (5)

1 ഉന്നതം 2 വന്ദിച്ചു 3 അവഗണിക്കുക 4 പകൽ 5 വിജ്ഞാനം

(അവന്ദിച്ചു, പരിഗണിക്കുക, അവിജ്ഞാനം, നിന്ദിച്ചു, അനതം, രാത്രി, അജ്ഞാനം, രാവിലെ, ഗുണിക്കുക, നതം)

**IV** നാനാർത്ഥം എഴുതുക ( രണ്ട് വീതം ) (5)

1 നാൾ 2 ഉത്തമൻ 3 ഗ്രാമം 4 നടക്കുക 5 ദുർഗ

(വിഷ്ണു, ജന്മനക്ഷത്രം, പോകുക, കൂട്ടം, മൈന, സന്തോഷം, ഭംഗി, ദിവസം, സാധിക്കുക, ശ്രേഷ്ഠൻ, നാട്ടിൻപുറം, പാർവതി, ശബ്ദം, )

V അർഥവ്യത്യാസം എഴുതുക (5)

1 ക്ലേശം – കേശം 2 ശരീരം – ശാരീരം 3 പാതി – പതി

4 പ്രഭാതം – പ്രപാതം 5 അന്തി – അന്ത്യം

[ശബ്ദം, ഭർത്താവ്, തീരം, മുടി, വിദുഷി, അവസാനം ,ദേഹം, മടി, പകുതി, ബുദ്ധിമുട്ട്, വൈകുന്നേരം, ഉഷസ്സ്]

VI എതിർലിംഗപദം എഴുതുക (5)

1 അധ്യാപകൻ 2 ഭർത്താവ് 3 നായകൻ 4 ബോധവാൻ 5 വിദ്വാൻ

[ബോധവനി, വിദുഷി, നായിക, ബോധവതി, അധ്യാപക, വിദ്വാനി, ഭാര്യ, നായകി, അധ്യാപിക]

VII വിഗ്രഹിച്ചെഴുതുക (5)

1 അർഥശൂന്യത 2 കദളിത്തൈവാഴ 3 ലഘുഭക്ഷണം

4 സൂര്യകിരണങ്ങൾ 5 വിശാലഹൃദയൻ

VIII പിരിച്ചെഴുതി സന്ധി നിർണയിക്കുക (5)

1 ആത്മാഭിമാനം 2 ഓടിക്കളഞ്ഞു 3 കുഴപ്പമാണ് 4 തിരിച്ചെത്തി

5 നേരെയാക്കുക

IX വാക്യത്തിൽ പ്രയോഗിക്കുക (4)

1 നിശ്ചയദാർഢ്യം 2 ലോകമെമ്പാടും 3 അണിനിരത്തുക 4 ചുരുളഴിയുക

## Section - B

I ശരിയായ ഉത്തരം എടുത്തെഴുതുക (6 x 1 = 6 )

1 ഏതു സർവകലാശാലയാണ് അംബേദ്കർക്ക് ഡോക്ടർ ബിരുദം നല്കിയത് ?

( കൽക്കത്ത, അണ്ണാമലൈ, കൊളംബിയാ )

Class : VIII
Malayalam

2 ടാഗോറിന്റെ ഏതു കൃതിക്കാണ് നോബൽ സമ്മാനം ലഭിച്ചത് ?

( പത്രപുട്, നവജാതക്, ഗീതാഞ്ജലി )

3 ചെറുനെല്ലരിച്ചോറാണ് ഏറെ ഇഷ്ടം . ആർക്ക് ?

( ഉണ്ണിക്ക്, അമ്മയ്ക്ക് , എല്ലാർക്കും )

4 അംബേദ്കർ ഏതു മഹാരാജാവിന്റെ മിലിട്ടറി സെക്രട്ടറി ആയാണ് നിയമിതനായത് ? ( ബറോഡ, തിരുവിതാംകൂർ, കൊച്ചി )

5 കദളിക്കുലയുടെ പാകം നോക്കാനായി മുത്തച്ഛൻ എവിടെ ഉണ്ടാകാം എന്നാണ് പറയുന്നത് ? ( തൊടിയിൽ, പാടത്ത്, കലവറയിൽ )

6 കൈലാസത്തിലേക്ക് മടങ്ങുന്നതാര് ? ( മിനിക്കുട്ടി, കാബൂളിവാല, ദുർഗ )

## II ഉത്തരമെഴുതുക ( 3 × 2 = 6 )

1 അംബേദ്കറുടെ ജനനം എപ്പോൾ , എവിടെ വച്ചായിരുന്നു ?

2 മുത്തച്ഛന് സഹജീവികളോടുള്ള സ്നേഹം കാണിക്കുന്നതിന് ഉദാഹരണങ്ങൾ എഴുതുക

3 ആദ്യമായി കണ്ടപ്പോൾ കാബൂളിവാലയുടെ രൂപം എങ്ങനെ ആയിരുന്നു?

## III ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക (3 × 3 = 9)

1 വണ്ടിക്കാരൻ കഠിനമായി അവരോടു കയർത്തു . ആരോട് ? എന്തിന് ?

2 മിനിക്കുട്ടിയെ കണ്ടതിനു ശേഷം റഹ്മാൻ ഒരു ദീർഘനിശ്വാസത്തോടെ നിലത്തിരുന്നു പോയി . കാരണമെന്ത് ?

3 മുത്തച്ഛന് കൃഷിയിൽ താത്പര്യമുണ്ടെന്ന് എങ്ങനെ മനസ്സിലാക്കാം ?

4 അംബവദേക്കർ , അംബേദ്കർ ആയതെങ്ങനെ ?

## IV ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക (1 × 5= 5)

1 രവീന്ദ്രനാഥടാഗോറിനെക്കുറിച്ച് ഒരുഖണ്ഡിക എഴുതുക.

2 ഡോ.അംബേദ്കറുടെ ജീവിതത്തിൽ നിന്ന് നാം പഠിക്കേണ്ട പാഠമെന്ത് ?

Section. C

I പ്രയോഗം മാറ്റുക (3 × 1 = 3)

1 ഞാൻ അവനെ സഹായിക്കും.

2 അധ്യാപിക വിദ്യാർഥികളെ ഉപദേശിക്കുന്നു .

3 വനത്തിലകപ്പെട്ട കുട്ടി വന്യമൃഗങ്ങളാൽ ആക്രമിക്കപ്പെട്ടു.

II തെറ്റുണ്ടെങ്കിൽതിരുത്തുക (3 × 1 = 3)

1 ആദ്യമായി രാമനും ലക്ഷ്മണൻ രണ്ടാമതായും വന്നു .

2 സിനാൻ വിവിധ നിറത്തിലും വർണത്തിലുമുള്ള പക്ഷികളെ വാങ്ങി .

3 ഏകദേശം ആയിരത്തോളം പേർ സദ്യയ്ക്കുണ്ടായിരുന്നു .

## Section - D

I വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉപന്യസിക്കുക (8)

II താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക [4×1½=6]

സമൂഹത്തിന്റെ പൊതു നന്മ ലക്ഷ്യമാക്കി മനുഷ്യസമൂഹം നൂറ്റാണ്ടുകളായുള്ള ജീവിതാനുഭവങ്ങളുടെയും ആദർശങ്ങളുടെയും അടിസ്ഥാനത്തിൽ നിർണയിച്ചിട്ടുള്ളതാണ് നമ്മുടെ മൂല്യസങ്കല്പം. ഇന്ന് മൂല്യങ്ങളെ നിരാകരിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവരുടെ എണ്ണം വർധിച്ചു വരുന്നതായി കാണാം. അമിതമായ സ്വാതന്ത്ര്യബോധവും സ്വാർഥതയുമാണ് മനുഷ്യനെ മൂല്യങ്ങളിൽ നിന്ന് അകറ്റുന്നത്. മൂല്യങ്ങൾ നഷ്ടപ്പെട്ട ഒരു സമൂഹത്തിന് അധികനാൾ നിലനില്പില്ല എന്ന സത്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു . സത്യം, നീതി, ധർമം, കൃതൃത തുടങ്ങിയവയാണ് വിദ്യാർഥികൾ ശീലിക്കേണ്ട സന്മാർഗ മൂല്യങ്ങൾ. വാക്കിലും പ്രവൃത്തിയിലും ചിന്തയിലും സത്യസന്ധത പുലർത്താൻ നാം തയ്യാറാകണം. ഒരു പക്ഷേ വളഞ്ഞ വഴിയിലൂടെ നീങ്ങുന്നവർക്ക് ആദ്യമൊക്കെ വിജയമുണ്ടായേക്കാം. പക്ഷേ അന്തിമ വിജയം സത്യത്തിനു തന്നെയായിരിക്കും .ആ വിജയം തന്നെയാണ് ശാശ്വതവും. തെറ്റ് ചെയ്തിട്ട് പശ്ചാത്തപിക്കുവാനല്ല , തെറ്റ് ചെയ്യാതിരിക്കുവാനാണ് നാം ശ്രമിക്കേണ്ടത്.

1 ഏതിലെല്ലാം ആണ് നാം സത്യസന്ധത പുലർത്തേണ്ടത് ?

2 മനുഷ്യനെ മൂല്യങ്ങളിൽ നിന്ന് അകറ്റുന്നത് എന്ത് ?

3 വിദ്യാർഥികൾ ശീലിക്കേണ്ട സന്മാർഗ മൂല്യങ്ങൾ ഏവ ?

4 നാം മനസ്സിലാക്കേണ്ട സത്യം എന്ത് ?